(സി) അസോസിയേഷനുകളിൽ തർക്കങ്ങളുണ്ടാകുമ്പോൾ കായികതാരങ്ങളുടെ ഭാവിയെ അത് ബാധിക്കരുതെന്ന തീരുമാനം ഉണ്ടായിരുന്നുവോ ; എങ്കിൽ അത് മാനിക്കാതിരുന്നതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ഇതുസംബന്ധിച്ച് കായികതാരങ്ങളിൽനിന്ന് രേഖാമൂലം പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടില്ല.

(സി) 2008-ലെ കേരള സ്പോർട്സ് ചട്ടങ്ങൾ റൂൾ 60 പ്രകാരം സ്പോർട്സ് അസോസിയേഷനുകളിലെ അംഗത്വം റദ്ദാക്കുകയാണെങ്കിൽ ഈ നടപടി കായിക താരങ്ങളുടെ അവകാശങ്ങളെ ബാധിക്കരുത് എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ജിംനാസ്റ്റിക് കായികയിനവുമായി ബന്ധപ്പെട്ട് കേരളത്തിൽ പ്രവർത്തിക്കുന്ന രണ്ട് സംഘടനകൾ തമ്മിലുള്ള തർക്കങ്ങൾ മൂലമാണ് ജിംനാസ്റ്റിക്സ് കായിക താരങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുവാൻ കഴിയാത്ത സ്ഥിതി സംജാതമായിട്ടുള്ളത്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള സംഘടനകൾ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പുകൾ സംബന്ധിച്ചുള്ള അറിയിപ്പ് ടി അസോസിയേഷനുകൾ രേഖാമൂലം കൗൺസിലിൽ അറിയിക്കുകയും ആയതിലേക്ക് നിയമാനുസൃതം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും നിരീക്ഷകനെ ചുമതലപ്പെടുത്തുകയും പ്രസ്തുത ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുത്ത കായികതാരങ്ങൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകൾ ഗ്രേസ് മാർക്ക് സ്പോർട്സ് കോട്ട അഡ്മിഷൻ എന്നിവയിലേക്ക് പരിഗണിക്കുകയുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരള ജിംനാസ്റ്റിക്സ് അസോസിയേഷൻ സംഘടിപ്പിച്ച ചാമ്പ്യൻഷിപ്പുകൾക്ക് സംഘടനയ്ക്ക് അംഗീകാരമില്ലാത്തതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്നും നിരീക്ഷകനെ നിയോഗിച്ചിരുന്നില്ല. ആയതിനാൽ അംഗീകാരമില്ലാത്ത ഒരു കായിക സംഘടന നടത്തിയ ചാമ്പ്യഷിപ്പുകളുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റുകൾ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

മാവേലിക്കരയിൽ പുതിയ സ്റ്റേഡിയം നിർമ്മാണം

228 (7791) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കരയിൽ സ്റ്റേഡിയം ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നല്കിയാൽ സ്റ്റേഡിയത്തിനുള്ള തുക അനുവദിക്കുമോ ;

(സി) മൾട്ടിപ്ലക്സ് സ്റ്റേഡിയം ആരംഭിക്കുന്നതിനുള്ള നിബന്ധനകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) സ്റ്റേഡിയത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്തശേഷം വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്ലാനും എസ്റ്റിമേറ്റും സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്.

(സി) 'മൾട്ടിപ്ലക്സ്' സ്റ്റേഡിയം നിർമ്മിക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ സ്മൈൽ പദ്ധതി പ്രകാരം ടെന്നീസ്, വോളീബോൾ, ബാസ്ക്കറ്റ് ബോൾ, ഷട്ടിൽ, ഹാന്റ് ബോൾ, ഖോ ഖോ, കബഡ്ഡി എന്നീ കായിക ഇനങ്ങൾക്ക് പ്രയോജനപ്പെടുന്നരീതിയിൽ രൂപകൽപ്പന ചെയ്ത് മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സസ് നിർമ്മിച്ചുനൽകാറുണ്ട്. ഈ പദ്ധതി പ്രകാരം സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ താഴെ പറയുന്നു :

1. കളിസ്ഥലം സ്ഥാപനത്തിൽ നിർമ്മിക്കുന്നതിന് തടസ്സമില്ലെന്നും സ്ഥാപനം തെരഞ്ഞെടുക്കുന്നപക്ഷം പദ്ധതി നടപ്പിലാക്കുന്ന ഭൂമി നിരപ്പാക്കുകയും മരങ്ങളുൾപ്പെടെയുള്ള മറ്റെന്തെങ്കിലും തടസ്സങ്ങൾ ഭൂമിയിലുണ്ടെങ്കിൽ ആയത് ഒഴിവാക്കി ഭൂമി പദ്ധതിക്കായി തയ്യാറാക്കി നൽകുമെന്നതിന്റെ സാക്ഷ്യപത്രം, സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.

2. കളിസ്ഥലം നിർമ്മിക്കുമ്പോൾ ആ പ്രദേശത്തുള്ള കുട്ടികളുടെയും യുവാക്കളുടെയും കളിയോടുള്ള താല്പര്യവും പ്രാവീണ്യവും പരിഗണിക്കുന്നതാണ്. കൂടാതെ ഒരു കായിക അദ്ധ്യാപകന്റെ സേവനം ലഭ്യമായിട്ടുള്ള സ്ഥാപന മായിരിക്കണം.

3. കായികതാരങ്ങൾക്ക് കളിസ്ഥലത്ത് വന്നുചേരുന്നതിന് വാഹന സൗകര്യം ലഭ്യമാണോ എന്ന് വ്യക്തമാക്കിയിരിക്കണം.

4. ജില്ലാ സംസ്ഥാന സ്കൂൾ മത്സരങ്ങളിലും യൂണിവേഴ്സിറ്റി ഇന്റർ കോളീജിയറ്റ് മത്സരങ്ങളിലും പങ്കെടുത്ത് നേട്ടങ്ങൾ കൈവരിക്കുന്ന സ്കൂളു കളിലേയും കോളേജുകളിലേയും കളിസ്ഥലങ്ങൾക്ക് മുൻഗണനയുണ്ടായിരിക്കും.

5. കായികപരമായി വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള അംഗീകൃത ക്ലബ്ബുകൾക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിൽ മാനദണ്ഡം (1)-ൽ സൂചിപ്പിച്ചിരിക്കുന്നകാര്യങ്ങൾ പൂർണ്ണമാണെങ്കിൽ അത്തരം ക്ലബ്ബുകളുടെ കളിസ്ഥലങ്ങളും പരിഗണിക്കുന്നതാണ്.

6. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെകീഴിലുള്ള (സ്പോർട്സ് ഹോസ്റ്റൽ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ, റൂറൽ ട്രെയിനിംഗ് സെന്റർ, ഡേ ബോർഡിംഗ് സ്കീം, സ്പോർട്സ് ട്രെയിനിംഗ് സെന്റർ) എന്നിവ നിലനിൽക്കുന്ന സ്ഥാപനങ്ങളിലെ കളിസ്ഥലങ്ങൾ മാനദണ്ഡം 1-ൽ സൂചിപ്പിച്ചിരിക്കുന്നകാര്യങ്ങൾ പൂർണ്ണമെങ്കിൽ പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly